# സംസ്ഥാനത്ത് ഈ വർഷം മുതൽ നീര ഉദ്പാദനം ആരംഭിക്കും: മന്ത്രി

**കൊച്ചി:** സംസ്ഥാനത്ത് ഈ വർഷം മുതൽ നീര ഉദ്പാദനം ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചതായി എക്സൈസ് മന്ത്രി കെ.ബാബു പറഞ്ഞു. 14 ജില്ലകളിലും ഒരു യൂണിറ്റായ 1500 തെങ്ങു വീതം ചെത്തിയാകും നീര ഉൽപാദിപ്പിക്കുക. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ രണ്ട് യൂണിറ്റ് വീതവും ചെത്തും. ഈ മൂന്ന് ജില്ലകളിൽ നിലവിലുള്ള ചെത്തുതൊഴിലാളികളെ ഉപയോഗിച്ചാവും തെങ്ങ് ചെത്തുക.



കേരള കള്ള് വ്യവസായ തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ.ബാബു നിർവഹിക്കുന്നു

കള്ള് ചെത്ത് തൊഴിലാളികൾക്കുള്ള അപകട അഷ്വറൻസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നീര ഉൽപാദനത്തിന് ചെത്ത് തൊഴിലാളികളെ ലഭിക്കാതായാൽ കേന്ദ്ര സർക്കാർ സ്ഥാപനമായ നാളികേര വികസന ബോർഡ് പരിശീലനം നൽകിയ ടെക്നീഷ്യൻമാരെ ഉപയോഗിക്കും. അവർ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകണമെന്ന വ്യവസ്ഥയുമുണ്ടാകും. ചെത്ത് തൊഴിലാളികളെ വിശ്വാസത്തിലെടുത്ത് മാത്രമേ നീര ഉൽപാദനം നടത്തൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നീരയുടെ കാര്യത്തിൽ ചെത്ത്തൊഴിലാളികൾക്ക് പ്രയാസമുണ്ടാകുന്ന ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. കള്ള് വ്യവസായത്തെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാരിന്റേത്. ഷാപ്പുകളെ സംരക്ഷിച്ചുകൊണ്ടു മാത്രമാണ് ബാർ ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയതെന്നും അവകാശപ്പെട്ടു.

വ്യാജക്കള്ളിന്റെ പരിശോധനക്കായി രണ്ട് മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കും. ഷാപ്പുകളുടെ കാലാവധി മൂന്ന് വർഷമാക്കി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന ഷാപ്പുകളിലെ ചെത്തുതൊഴിലാളികൾക്ക് ഓണത്തിനു പ്രത്യേക സഹായം ലഭ്യമാക്കുന്നതിന് നടപടിയുണ്ടാകും. കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ നല്കാനുള്ള ഗ്രാന്റിന്റെ കുടിശ്ശിക വേഗത്തിൽ ലഭ്യമാക്കുന്നതിന് മുഖ്യമന്ത്രിയുമായും ധനകാര്യ മന്ത്രിയുമായും ചർച്ച നടത്തി ഉടൻ തീരുമാനം കൈകൊള്ളുമെന്നും മന്ത്രി കെ. ബാബു പറഞ്ഞു.

ഇൻഷ്വറൻസ് പദ്ധതിയുടെ പോളിസി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ഡെപ്യൂട്ടി ജനറൽ മാനേജർ ഡോ.സി.ജെ.ഫിലിപ്പ് മന്ത്രി കെ.ബാബുവിന് നല്കി നിർവഹിച്ചു.

എറണാകുളം ഗംഗോത്രി ഹാളിൽ നടന്ന ചടങ്ങിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ എൻ.അഴകേശൻ അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം.എൽ.എ, മുൻ മന്ത്രി കെ.പി.രാജേന്ദ്രൻ, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ഡെപ്യൂട്ടി ജനറൽ മാനേജർ ഡോ.സി.ജെ.ഫിലിപ്പ്, മുൻ ചെയർമാൻ കെ.എൻ.സുധാകരൻ, ബോർഡ് ഡയറക്ടർമാരായ ടി.എൻ.രമേശൻ, പി.പി. കരുണാകരൻ മാസ്റ്റർ, തോപ്പിൽ സായ്, എ.ബി.ഉണ്ണി, സംസ്ഥാന കള്ള് ചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി റ്റി.കൃഷ്ണൻ, മദ്യവ്യവസായ തൊഴിലാളി ഫെഡറേഷൻ (ബിഎംഎസ്) പ്രസിഡന്റ് എം.കെ.ഉണ്ണികൃഷ്ണൻ, പി.എൻ.സീനുലാൽ, ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ സി.സെൽവരാജ് എന്നിവർ സംസാരിച്ചു.

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മുഖേന നടപ്പാക്കുന്ന അപകട ഇൻഷ്വറൻസ് പദ്ധതി ജൂലൈ ഒന്നു മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പദ്ധതി പ്രകാരം അപകടവുമായി ബന്ധപ്പെട്ട് തൊഴിലാളി മരിച്ചാൽ അഞ്ച് ലക്ഷം രൂപ കുടുംബത്തിന് ലഭിക്കും. പൂർണമായ അംഗവൈകല്യത്തിന് അഞ്ച് ലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യത്തിന് 2.50 ലക്ഷം രൂപയും ലഭിക്കും. അപകടം മൂലം പരുക്ക് പറ്റുന്ന തൊഴിലാളികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000 രൂപ വരെ ലഭിക്കും. തൊഴിലാളികളിൽ നിന്നും പ്രീമിയം ഇനത്തിൽ യാതൊരു തുകയും ഈടാക്കാതെ സൗജന്യമായാണ് പദ്ധതിയിൽ അംഗത്വം നൽകുന്നത്.